ഭരണഭാഷ-മാതൃഭാഷ

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ് - തിരുവനന്തപുരം**

**(ഹാജർ: ഡോ. സിന്ധു. കെ. )**

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് - തിരുവനന്തപുരം ജില്ല- കുടപ്പനക്കുന്ന് മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റലിന്റെ ഭരണ നിയന്ത്രണം തിരുവനന്തപുരം ജില്ലാമൃഗസംരക്ഷണ ഓഫീസിന് കീഴിലാക്കുന്നത്- അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| നമ്പർ - AHD/8556/2024-B2 | തീയതി:09-01-2025 |

പരാമർശം: 1) 30/09/24 ൽ മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിട്സ്.

2) മൾട്ടിസ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ, ഡെപ്യൂട്ടി ഡയറക്ടറുടെ 03/06/24, 26/09/24 എന്നീ തീയതികളിലെ AHD/TVM/MSVH/TVM/32/202 നമ്പർ കത്തുകൾ

**ഉത്തരവ്**

കുടപ്പനക്കുന്ന്, മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രിയിലെ ഓഫീസ് ഹെഡ്ഡിന്റെ(ഡെപ്യൂട്ടി ഡയറക്ടർ) ഡെലിഗേഷൻ ഓഫ് പവേഴ്സ് അനുസരിച്ച് നന്നേ ചെറിയ കാര്യങ്ങൾക്കും, സ്പെഷ്യൽ ഡ്യൂട്ടിയിലോ മറ്റോ വെറ്ററിനറി സർജ്ജൻമാർ മറ്റ് സ്റ്റാഫുകൾ എന്നിവരെ ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ ഡയറക്ടറേറ്റിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതായി വരുന്നെന്നും വെറ്ററിനറി സർജ്ജനെ അടിയന്തിരമായി ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഡയറക്ടർക്ക് കത്തെഴുതി ഡയറക്ടറേറ്റിൽ നിന്നും ഉത്തരവായി ജില്ലാ ഓഫീസിലേയ്ക്ക് പോവുകയും തുടർന്ന് ജില്ലാ ഓഫീസർ മറ്റൊരു ഉത്തരവ് പുറപ്പെടുവിച്ച് സ്പെഷ്യൽ ഡ്യൂട്ടി നടത്തുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നും

അധികാരങ്ങളെല്ലാം നിലനിർത്തികൊണ്ട് MSVH നെ തിരുവനന്തപുരം, ജില്ലാ ഓഫീസിന്റെ പ്രവർത്തന പരിധിയിൽ കൊണ്ടുവരുകയാണെങ്കിൽ ഭരണപരമായ നിരവധി സൗകര്യങ്ങൾ ഉണ്ടാകുമെന്നതിനാൽ, കുടപ്പനക്കുന്ന് മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രിയെ തിരുവനന്തപുരം ജില്ലാ ഓഫീസിന്റെ പ്രവർത്തന പരിധിയിൽ കൊണ്ട് വരുന്നതിന് നടപടിയുണ്ടാകണമെന്നും പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

MSVH ൽ ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും മാൻപവർ ഷോട്ടേജ് പരിഹരിക്കുന്നതിനും MSVH ന്റെ ഭരണ നിയന്ത്രണം തിരുവനന്തപുരം ജില്ല മൃഗസംരക്ഷണ ഓഫീസിന് കീഴിലാക്കുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് മൾട്ടി

സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റലിന്റെ ഭരണപരമായ സൗകര്യങ്ങൾക്കായി സ്ഥാപനത്തിന്റെ ഭരണ നിയന്ത്രണം തിരുവനന്തപുരം ജില്ല മൃഗസംരക്ഷണ ഓഫീസിന്റെ പ്രവർത്തനത്തിന് കീഴിലാക്കി ഉത്തരവാകുന്നു.

Signed by
Sindhu K
Date: 09-01-2025 17:14:55

ADDITIONAL DIRECTOR
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ(i/c)

സ്വീകർത്താവ്

1) സർക്കാറിന്റെ AHG സെക്ഷന് (ആമുഖ കത്തിനൊപ്പം)
2) ജില്ല മൃഗസംരക്ഷണ ഓഫീസർ, തിരുവനന്തപുരം
3) ഡെപ്യൂട്ടി ഡയറക്ടർ, മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ
4) ഡയറക്ടറേറ്റിലെ എല്ലാ സാങ്കേതിക ഉദ്യോഗസ്ഥർ, SAO, SFO, AA1, AA2 (അറിവിലേയ്ക്കായി)
5) ഡയറക്ടറേറ്റിലെ എല്ലാ സെക്ഷനുകൾക്കും (അറിവിലേയ്ക്കായി)
6) IT section ( website ൽ പ്രസിദ്ധീകരിക്കുന്നതിന്)
7) എല്ലാ ജില്ല മൃഗസംരക്ഷണ ഓഫീസർമാർക്കും, മറ്റ് സാങ്കേതിക ഉദ്യോഗസ്ഥർക്കും (അറിവിലേയ്ക്കായി)